ഹദീസ്

അബ്ദുസ്സമദ് കൂട്ടിലങ്ങാടി
samadkadungooth@gmail.com

# ആരോഗ്യമുള്ളപ്പോൾ ദാനം ചെയ്യുക

عَنْ أَبِي هُرَيْرَةَ ـ رضى الله عنه ـ قَالَ: قِيلَ لِرَسُولِ اللَّهِ: أَىُّ الصَّدَقَةِ خَيْرٌ ؟ قَالَ: أَنْ تَصَدَّقَ وَأَنْتَ صَحِيحٌ شَحِيح تَأْمُلُ الْغِنَى، وَتَخْشَى الْفَقْرَ، وَلاَ تُمْهِلْ حَتَّى إِذَا بَلَغَتِ الْحُلْقُومَ قُلْتَ: لِفُلاَنٍ كَذَا وَلِفُلاَنٍ كَذَا، وَقَدْ كَانَ لِفُلاَنٍ .

**അബൂഹുറൈറ(റ) പറയുന്നു. പ്രവാചകനോട് ഒരാൾ ചോദിച്ചു: 'ഏതു ദാനമാണ് ഏറ്റവു കൂടുതൽ ഉത്തമം?' നബി(സ) പറഞ്ഞു: 'നീ ആരോഗ്യവാനും ദാരിദ്ര്യത്തെ ഭയന്ന് സമ്പത്ത് സൂക്ഷിക്കുന്നവനും അത് ഏതെങ്കിലും ഏർപ്പാടിൽ മുടക്കി സമൃദ്ധി കാംക്ഷിക്കുന്നവനും ആയിരിക്കുമ്പോൾ ദാനം ചെയ്യുന്നത്. ജീവൻ തൊണ്ടക്കുഴിയിലെത്തിയ ശേഷം 'ഇന്നത് അവന് കൊടുക്കുക, ഇന്നത് ഇവന് കൊടുക്കുക' എന്നു പറയാൻ ഇടവരുത്താതിരിക്കുക. ആ സമയത്ത് അവന്റെ ധനം ഇന്നവന്റേതായിട്ടുണ്ടാവുമല്ലോ' (ബുഖാരി, മുസ്‌ലിം).**

ഇസ്‌ലാമിൽ സമ്പത്തിന്റെ ഉടമസ്ഥത അല്ലാഹുവിന്റേതാണ്. അത് കൈകാര്യം ചെയ്യാൻ മനുഷ്യരെ ഏൽപിച്ചിരിക്കുന്നുവെന്നു മാത്രം. അത് എങ്ങനെ സമ്പാദിക്കണമെന്നും എങ്ങനെ ചെലവഴിക്കണമെന്നും ഇസ്‌ലാം വ്യക്തമായ മാർഗനിർദേശങ്ങൾ നൽകുന്നുണ്ട്. ഓരോരുത്തരുടെ സമ്പത്തിലും പാവങ്ങൾക്ക് അവകാശമുണ്ട്. സമ്പത്ത് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുമ്പോഴാണ് സത്യവിശ്വാസിക്ക് മോക്ഷത്തിന്റെ വഴി തുറന്നുകിട്ടുക. ഉപര്യുക്ത ഹദീസ് സൂചിപ്പിക്കുന്നതുപോലെ തനിക്കേറ്റവും പ്രിയപ്പെട്ടത് ദാനം ചെയ്യുമ്പോഴാണ് ഒരാളുടെ വിശ്വാസം കറകളഞ്ഞതാകുന്നത്. പ്രവാചകാനുയായികൾ തനിക്കേറ്റവും ഇഷ്ടപ്പെട്ടതിനെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിച്ചതിന് തിളങ്ങുന്ന ഒരായിരം ഉദാഹരണങ്ങൾ നമുക്ക് എടുത്തുകാട്ടാൻ കഴിയും.

മനുഷ്യൻ തന്റേതെന്ന് പറയുന്ന ധനം യഥാർഥത്തിൽ അവന്റെ തന്നെയാണോ? മറ്റൊരു പ്രവാചക വചനം ഇങ്ങനെ: 'മനുഷ്യൻ എന്റെ ധനം, എന്റെ ധനം എന്നു ഘോഷിച്ചുകൊണ്ടിരിക്കുന്നു. നിന്റെ ധനത്തിൽ നീ തിന്നു മുടിച്ചതോ ഉടുത്തു പഴകിയതോ ദാനം ചെയ്ത് മുന്നോട്ടയച്ചതോ അല്ലാതെ നിനക്ക് വല്ലതുമുണ്ടോ? അല്ലാത്തതൊക്കെ നിന്റെ കൈയിൽനിന്ന് പോയിപ്പോകുന്നതും ആളുകൾക്ക് വേണ്ടി നീ ഉപേക്ഷിച്ചുപോകുന്നതുമാകുന്നു.' സമ്പത്തിനോടുള്ള നമ്മുടെ സമീപനം എങ്ങനെയായിരിക്കണമെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു. ദൈവമാർഗത്തിൽ ചെലവഴിക്കുന്നതാണ് നമ്മുടെ ശാശ്വതമായ രക്ഷക്കെത്തുക.

ഇമാം തിർമിദി ഉദ്ധരിക്കുന്ന മറ്റൊരു പ്രവാചക വചനം നോക്കുക:

ഒരിക്കൽ തിരുമേനിയുടെ സന്നിധിയിൽ ഒരു ആടിനെ അറുത്ത് മാംസം വിതരണം ചെയ്യപ്പെട്ടു. തിരുമേനി വീട്ടിലെത്തിയപ്പോൾ അന്വേഷിച്ചു: 'ആടിന്റെ മാംസത്തിൽ എന്തുണ്ട് ബാക്കി?' 'അതിന്റെ ചുമലല്ലാതെ മറ്റൊന്നും ശേഷിച്ചിട്ടില്ല' - പത്നി ആഇശ(റ) പറഞ്ഞു. അപ്പോൾ പ്രവാചകൻ: 'അതിന്റെ ചുമലല്ലാത്തതെല്ലാം അവശേഷിച്ചിരിക്കുന്നു.'

അഥവാ ദൈവമാർഗത്തിൽ ചെലഴിക്കുന്നതെന്തോ അതേ അവശേഷിക്കുന്നുള്ളൂ.

ശരീരത്തിന് ആരോഗ്യവും ചുറുചുറുക്കുമുള്ള സമയത്താണ് ദാനം ചെയ്യേണ്ടത്. അപ്പോഴായിരിക്കും അവന് പിശുക്ക് കൂടുതൽ. ഇനിയുമൊരുപാട് ജീവിക്കാനുള്ളതാണ്, പട്ടിണിയായിപ്പോവില്ലേ എന്നൊക്കെ ഭയക്കുക ആ സന്ദർഭത്തിലാണ്. രോഗത്തിന്റെ പിടിയിലമർന്നാൽ ദുൻയാവ് അവന് നിസ്സാരമായിതോന്നും. അപ്പോൾ ദാനധർമം ചെയ്യണമെന്ന ആഗ്രഹമുദിക്കും. ഇന്നയിന്നയാളുകൾക്ക് ദാനം ചെയ്യണമെന്ന് തന്റെ അനന്തരാവകാശികളോട് അയാൾ പറഞ്ഞുകൊണ്ടിരിക്കും. മരണം തൊണ്ടക്കുഴിയിലെത്തിയ ഒരാളുടെ വാക്ക് അവർ ചെവിക്കൊള്ളണമെന്നില്ല.

ആയതിനാൽ നല്ല ആരോഗ്യമുള്ളപ്പോൾ, നിങ്ങളുടെ സ്വത്തിനു മേൽ നിങ്ങൾക്ക് നല്ല നിയന്ത്രണമുള്ളപ്പോൾ ദാനം ചെയ്യുക. അല്ലെങ്കിൽ പിന്നീട് ഖേദിക്കേണ്ടിവരും. ഇതാണ് ഈ ഹദീസ് നൽകുന്ന സന്ദേശം. ●